ഉത്തരം

(എ) നിലവിൽ ഒഴിവുകളൊന്നുമില്ല.

(ബി) നിവവിലില്ല.

(സി) ബാധകമല്ല.

ജില്ലാ/ജനറൽ ആശുപത്രികൾ-മെഡിക്കൽ കോളേജുകൾ

106(806) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമ്പോൾ അവ പൂതുതായി നിർമ്മിക്കുന്നതിന് പകരം, നിവവിലുള്ള ജില്ലാ/ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകൾ ആക്കി മാറ്റുന്നത് സർക്കാർ നയമാണോ; ദ്വിതീയ - തൃതീയ തലങ്ങളിലുള്ള ആശുപത്രികൾ വികസിപ്പിക്കാതെ ജില്ലാ/ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജാക്കുന്നത് രോഗികൾക്കുണ്ടാക്കുന്ന പ്രയാസങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി 177.68 കോടി പദ്ധതി ചെലവ് കണക്കാക്കിയ ഇടുക്കി മെഡിക്കൽ കോളേജ് സർക്കാർ നൽകിയ കണക്കു പ്രകാരം 8.36 കോടി രൂപ മാത്രം ചെലവഴിച്ചും, 165 കോടി ചെലവ് കണക്കാക്കിയ മഞ്ചേരി മെഡിക്കൽ കോളേജ് 25.4 കോടി രൂപ മാത്രം ചെലവഴിച്ചും 191 കോടി രൂപ ചെലവിടേണ്ട തിരുവനന്തപുരം സിറ്റി മെഡിക്കൽ കോളേജ് 3 കോടി മാത്രം ചെലവിട്ടും പ്രവർത്തനം ആരംഭിച്ചത് അടിസ്ഥാന സൗകര്യ വികസനം പര്യാപ്തമായതിന് ശേഷമായിരുന്നുവോ; ഇത്തരത്തിൽ ജനറൽ ആശുപത്രികളെ ബോർഡുമാറ്റി മെഡിക്കൽ കോളേജാക്കുന്നത് ആതുര ശുശ്രൂഷാ രംഗത്ത് എന്ത് നേട്ടം സംഭാവന ചെയ്യുമെന്ന് അറിയിക്കുമോ;

(സി) പൂതുതായി നിർമ്മിക്കേണ്ട വയനാട് മെഡിക്കൽ കോളേജിന് ഇതുവരെയായും ചെലവിടാതിരുന്നതും കാസർഗോഡ് മെഡിക്കൽ കോളേജിന് കേവലം 20 ലക്ഷം രൂപ മാത്രം ചെലവഴിച്ചതും എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി എത്ര ജനറൽ ആശുപത്രികൾ സ്ഥാപിച്ചെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സ്ഥാപിച്ച പുതിയ മെഡിക്കൽ കോളേജുകളെല്ലാം പുതുതായി തന്നെയാണ് നിർമ്മിച്ചിട്ടുള്ളത്. എങ്കിലും എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയായി പ്രസ്തുത കോളേജുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനാണ് തൊട്ടടുത്ത ജില്ല/ജനറൽ ആശുപത്രികളെ ടി മെഡിക്കൽ കോളേജുമായി ചേർത്തിട്ടുള്ളത്. എന്നാൽ ടി നടപടി താൽക്കാലികമാണ്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി മെഡിക്കൽ കോളേജ് പ്രവർത്തിച്ചു തുടങ്ങുമ്പോൾ ജില്ലാ/ജനറൽ ആശുപത്രികളെ പ്രസ്തുത പദവിയിൽ നിലനിർത്തുന്നതിനാണ് സർക്കാരിന്റെ ഉദ്ദേശ്യം.

(ബി) ഇടുക്കി, മഞ്ചേരി, തിരുവനന്തപുരം പുതിയ മെഡിക്കൽ കോളേജുകൾക്ക് നാളിതുവരെ സർക്കാർ അനുവദിച്ചിട്ടുള്ള തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഓരോ മെഡിക്കൽ കോളേജുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഏജൻസി നൽകുന്ന ബില്ലുകൾ പ്രകാരം പൂർത്തികരിക്കപ്പെടുന്നാവശ്യാണ് തുക അനുവദിച്ചുനൽകുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയായി പുതിയ മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ തൊട്ടടുത്ത ജില്ല/ജനറൽ ആശുപത്രികളെ ടി മെഡിക്കൽ കോളേജുമായി ചേർക്കാറുണ്ട്.

(സി) വയനാട് മെഡിക്കൽ കോളേജിനുവേണ്ടി വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജിലെ 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇതിന് തുകയൊന്നും ചെലവായിട്ടില്ല. വയനാട് മെഡിക്കൽ കോളേജിന് വേണ്ടിയുള്ള അക്സസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്നുകോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ടി പണികൾക്കുവേണ്ടി പൊതുമരാമത്ത് വിഭാഗം നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 6,01,95,000 രൂപ സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ഡി) നെയ്യാറ്റിൻകര, പുനലൂർ, കാഞ്ഞിരപ്പള്ളി, കോട്ടയം, ഇരിഞ്ഞാലക്കുട, തൃശ്ശൂർ, വടക്കാഞ്ചേരി, നിലമ്പൂർ എന്നീ ആശുപത്രികൾ ജനറൽ ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്. ആയതിന് പ്രത്യേകം തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട ചെലവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.